# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :841      30.10.2019 ലെ മറുപടിയ്ക്ക്

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

| | ചോദ്യം<br><br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.എം.വിൻസെന്റ് | | മറുപടി<br><br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നുണ്ടോ; ഇതു മൂലം പ്രസ്തുത വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ കുറവ് കണ്ടെത്തിയിട്ടുണ്ടോ; | എ) | സാധിക്കുന്നുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ശരിയായ രീതിയിൽ നടപ്പിലാക്കുന്നത് ടി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം കുറയുന്നതിന് കാരണമാകുന്നുണ്ട്. |
| ബി) | ഈ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) | പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ എല്ലാ മാസവും ചേരുന്നുണ്ട്. കൂടാതെ ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലകളിൽ കളക്ടർമാരെ നോഡൽ ഓഫീസർമാരായും. പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നോഡൽ ഓഫീസറായും സംസ്ഥാനതലത്തിലും പ്രവർത്തിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ അതിക്രമത്തിനിരയായിട്ടുള്ളവർക്ക് അർഹമായ നഷ്ടപരിഹാരം ജില്ലാ കളക്ടർമാർ മുഖേന നൽകിവരുന്നുണ്ട്. കൂടാതെ വിചാരണ സമയത്ത് എത്തിച്ചേരുന്ന കക്ഷികൾക്കും അവരെ അനുഗമിക്കുന്നവർക്കും വിചാരണ ദിവസം യാത്രാ ചെലവ്, ഉപജീവന ചെലവ്, ഭക്ഷണ ചെലവ് എന്നിവ നൽകി വരുന്നുണ്ട്.<br><br>അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം, കേസുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും, വയനാട് ജില്ലയിലെ മാനന്തവാടിയിലും, കൊല്ലം ജില്ലയിലെ കൊട്ടരക്കരയിൽ പാലക്കാട് മണ്ണാർക്കാട് സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചുവരുന്നു. |
| സി) | പ്രസ്തുത നിയമ പ്രകാരം 2017-18-ൽ രജിസ്റ്റർ ചെയ്ത എത്ര കേസുകളിൽ വിജയകരമായി പ്രോസിക്യൂഷൻ നടപടികൾ പൂർത്തിയാക്കി പ്രതികൾക്ക് ശിക്ഷ വാങ്ങി കൊടുക്കുവാൻ സാധിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ; | സി) | പ്രസ്തുത നിയമ പ്രകാരം 2017-18-ൽ രജിസ്റ്റർ ചെയ്ത കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ പൂർത്തിയാക്കി പ്രതികൾക്ക് ശിക്ഷ വാങ്ങി കൊടുത്ത **15** കേസുകളുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | 1989-ലെ നിയമം സംബന്ധിച്ചുണ്ടായ സുപ്രീം കോടതി വിധി മൂന്നംഗ ബഞ്ച് അസ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ ഈ വിഭാഗങ്ങളോടുള്ള അതിക്രമങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുള്ള അനുകൂല സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിലെ അന്വേഷണം 60 ദിവസത്തിനകം പൂർത്തിയാക്കുന്നതിനും കോടതി നടപടികൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്.<br>ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ, ഡി.വൈ.എസ്.പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കുറ്റപത്രം കോടതികളിൽ സമർപ്പിച്ചുവരുന്നു. ഇത്തരം കേസുകളിൽ അന്വേഷണം 60 ദിവസത്തിനകം പൂർത്തിയാക്കുന്നതിന് പ്രത്യേകം ശ്രദ്ധ നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**